ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹീഡ്സ് ലിമിറ്റഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. 9-5-2008-ലെ GO(MS) 84/08/AD പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുവാൻ തീരുമാനിക്കുകയുണ്ടായി. 1971-ലെ കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കനഡീസ് റൂൾസിൽ പ്രസ്തുത സ്ഥാപനത്തെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റൂൾസ് നിലവിൽ വരാത്തതിനാൽ ടി സ്ഥാപനങ്ങളിലെ നിയമന നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. 18-12-2010-ലെ സഉ.(എം.എസ്)നമ്പർ.399/10/ഉവിവ പ്രകാരം സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) 18-2-2008-ലെ GO(P)No. 2/2008/P&ARD ഉത്തരവ് പ്രകാരം സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമാക്കി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും സ്പെഷ്യൽ റൂൾസ്/റിക്രൂട്ട്മെന്റ് റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം ഇതുവരെ നടത്തിയിട്ടില്ല. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുന്ന സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ടി സ്ഥാപനങ്ങളുടെ അതാത് ഭരണ വകുപ്പുകളാണ്.

(ഡി) കേരള സ്റ്റേറ്റ് ബാക്ക്വേഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് താൽക്കാലിക തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതി ചെലവ്

7(*158) ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി വിഹിതം സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തിരക്കുപിടിച്ച് ചെലവ് ചെയ്യുന്ന പ്രവണത ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ചെലവ് ചെയ്യലിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മരാമത്തുപണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിൽ ഇപ്പോൾ കാലതാമസം ഉണ്ടാകുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ക്ഷേമ പെൻഷനുകൾ യഥാസമയം കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഇ) സർക്കാർ ചെലവിന്റെ മുൻഗണന നിശ്ചയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ & ബി) വകുപ്പുതല സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറിയുടെ പദ്ധതി അവലോകന യോഗം എല്ലാ മാസവും ചേരാറുണ്ട്. പദ്ധതി വിഹിതം കാര്യക്ഷമമായി ചെലവഴിക്കുന്നതിനും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ പദ്ധതി വിഹിതം വർദ്ധിതമായി വിനിയോഗിക്കുന്നത് ഒഴിവാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ നൽകാറുണ്ട്. കൂടാതെ മന്ത്രിമാർ തങ്ങൾക്ക് ചുമതലയുള്ള വകുപ്പുകളിലെ പദ്ധതി പ്രവർത്തനം കാലാകാലങ്ങളിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനായി 6-8-2008-ലെ സർക്കാർ ഉത്തരവ് (പി) 351/08/ധന. നമ്പർ പ്രകാരം 3 കോടി രൂപ വരെ അടങ്കൽ ഉള്ള പദ്ധതികൾക്ക് ഭരണ വകുപ്പുകൾക്കു തന്നെ ഭരണാനുമതി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. 3 കോടി രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന പുതിയ പദ്ധതികൾക്ക് ധനകാര്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് വഴി ഭരണാനുമതി നൽകുന്നുണ്ട്. എല്ലാ മാസവും ഒന്നിലധികം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേർന്ന് ഇപ്രകാരമുള്ള ഭരണാനുമതി നൽകി വരുന്നുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന മാസം ട്രഷറികളിൽ നിന്ന് മുൻകൂറായി പണം പിൻവലിച്ച് പദ്ധതി ചെലവായി കാണിക്കുന്ന പ്രവണത ഒഴിവാക്കാനായി മാർച്ച് മാസം മുൻകൂറായി പണം പിൻവലിക്കുന്ന കാര്യത്തിലും നിയന്ത്രണമേർപ്പെടുത്തി എല്ലാ വകുപ്പുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഉചിതമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) മരാമത്തുപണികളുടെ ബില്ലുകൾ പാസ്സാക്കുന്നതിൽ ഇപ്പോൾ കാലതാമസം നേരിടുന്നില്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ വിവിധ ക്ഷേമ പെൻഷനുകൾ കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. അതാതുവർഷത്തെ ബഡ്ജറ്റുകളിൽ നിലവിലുള്ള നിരക്കിൽ എല്ലാ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക വകയിരുത്തിവരുന്നു കൂടാതെ വിവിധ ക്ഷേമ പെൻഷനുകളുടെ നിരക്കുകൾ വർദ്ധിക്കുമ്പോഴും ഗുണഭോക്താക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണത്തിലുള്ള വർദ്ധന നിമിത്തവും ഉണ്ടാകുന്ന അധികചെലവ് വഹിക്കുന്നതിനായി അധിക ധനാനുമതി വഴിയും ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയും തുക അനുവദിച്ചു നൽകുന്നുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾക്കാവശ്യമായിവരുന്ന അധിക വിഹിതവും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങൾ ക്കൊപ്പം അടിസ്ഥാന വികസന മേഖലകൾക്കും പുത്തൻ വളർച്ചാമേഖലകൾക്കും മുൻഗണന നൽകുന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷത്തിൽ കൃഷി, പരമ്പരാഗത തൊഴിൽ മേഖലകൾ, അടിസ്ഥാന ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, വിദ്യാഭ്യാസം, ഐ.ടി. ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 35 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച വായ്പാ പാക്കേജ് പദ്ധതി

8(*159) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എഫ്. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആവിഷ്ക്കരിച്ച 500 കോടി രൂപയുടെ വായ്പാ പാക്കേജ് പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ചെറുകിട- ഇടത്തരം വ്യവസായികൾക്ക് കെ.എഫ്.സി. മുഖേന കഴിഞ്ഞ വർഷം എന്തുതുകയുടെ സബ്സിഡി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ വർഷം എന്ത് തുകയുടെ വായ്പ അനുവദിച്ചു ; ഈ വർഷം ഇതുവരെ എന്ത് തുക വായ്പയിനത്തിൽ അനുവദിച്ചു എന്നും വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) സംസ്ഥാനത്തെ പീഡിത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ വായ്പ അനുവദിച്ചു. പ്രവാസി മലയാളികൾക്ക് 7% പലിശ

LIBRARY ARCHIVES Kerala Legislative Assembly